15/2012
30-01-2012

# ഇടയലേഖനം-116

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സ്വന്തം അസ്ഥിത്വത്തെ തിരിച്ചറിയുന്നതിനും ആത്മവിശുദ്ധീകരണത്തിനും ഉതകുന്ന അവസരമാണ് നോമ്പുകാലം. ഈശോ തന്റെ ദൗത്യനിർവ്വഹണത്തിനാവശ്യമായ കൃപാവരത്താൽ നിറയപ്പെടാനും പിശാചിന്റെ പരീക്ഷണങ്ങളെ അതിജീവിക്കാനും നാൽപതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥന ഉപവാസം ധാനദർമ്മങ്ങൾ എന്നിവയിലൂടെ ദൈവികസാന്നിദ്ധ്യത്തിൽ മുഴുകി ഈ ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനും യഥാർത്ഥ ക്രിസ്തുശിഷ്യരായിത്തീരുവാനും നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

അനുദിനം പുരോഗമിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. അവയുടെ സഹായത്തോടെ പുതിയ ലോകക്രമത്തിന് രൂപംകൊടുക്കാം എന്ന് കരുതുന്നവർ ഏറെയാണ്. അവിടെ ദൈവത്തിനൊ ദൈവാന്വേഷണത്തിനൊ അതിനോടനുബന്ധിച്ച പരിത്യാഗപ്രവൃത്തികൾക്കൊ അവർ വില കല്പ്പിക്കുന്നില്ല. മനുഷ്യൻ പ്രപഞ്ചത്തിന്റെ കേന്ദ്രവും സൃഷ്ടിയുടെ മകുടവുമാണെങ്കിൽ അവനെന്തിന് പരിത്യാഗപ്രവൃത്തികളനുഷ്ഠിക്കുകയും സഹനങ്ങൾക്ക് വിധേയനാവുകയും ചെയ്യണം എന്നതാണ് ഇക്കൂട്ടരുടെ ചോദ്യം. പ്രകൃതിയെയും അപരനെയും സ്വാർത്ഥതയോടെ നിയന്ത്രിച്ചും ചൂഷണം ചെയ്തും ജീവിതത്തിന്റെ യഥാർത്ഥ സന്തോഷം കൈവരിക്കാമെന്ന് കരുതുന്നവരാണ് അവർ. നാം അവരെ

പോലെയാകരുത്. യേശുനാഥന്റെ കാൽവരിയിലെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും രക്ഷാകരമൂല്യം നാം തിരിച്ചറിയണം. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നോമ്പാചരണത്തിനും പാപപരിഹാരാർത്ഥമുള്ള തപശ്ചര്യകൾക്കും സഹനങ്ങൾക്കും രക്ഷാകരമായ അർത്ഥവും മൂല്യവുമുണ്ട്.

തിരുവചനത്തിലൂടെ ഈശോ നമ്മോട് ഇപ്രകാരം പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലൊ അതു വളരെ ഫലം പുറപ്പെടുവിക്കും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വോഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും" (യോഹ. 12. 24-25). ആസന്നമായ തന്റെ പീഡാസഹന മരണോത്ഥാന രഹസ്യങ്ങളുടെ മുന്നറിയിപ്പായിരുന്നു ഈ തിരുവചനം. ക്രിസ്തീയസഹനത്തിന്റെയും പരിത്യാഗപ്രവൃത്തികളുടെയും രക്ഷാകര അർത്ഥവും ലക്ഷ്യവും ഇത് വ്യക്തമാക്കുന്നുണ്ട്. ഈശോ വീണ്ടും പറയുന്നു, ''ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തു എന്നെ അനുഗമിക്കട്ടെ" (ലൂക്കാ 9:23). സഹനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ നിർദ്ദേശിച്ച പത്രോസിനെ സാത്താനെ, എന്ന് വിളിച്ചിട്ട് അവിടുന്ന് പറഞ്ഞു, "നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്താ. 16. 23) എന്ന്. ആകർഷകമായ വാക്കുകളിലൂടെയൊ, നൂതന സാങ്കേതിക വിദ്യകളിലൂടെയൊ, സൈനികമുന്നേറ്റത്തിലൂടെയൊ, സാമ്പത്തിക വളർച്ചയിലൂടെയൊ, സാമൂഹ്യപരിഷ്ക്കാരങ്ങളിലൂടെയൊ അല്ല നാം രക്ഷിക്കപ്പെട്ടത്. മറിച്ച്, ദൈവപുത്രനായ ഈശോ സ്വന്തം ശരീരത്തിലും മനസ്സിലും അനുഭവിച്ച അതികഠിനമായ പീഡാസഹനത്തിലൂടെയും മരണത്തിലുടെയും ഉത്ഥാനത്തിലൂടെയുമാണ്. ഈ പെസഹാരഹസ്യങ്ങളിലാണ് ആത്മീയവും ശാരീരികവുമായി നോമ്പാചരണത്തിലൂടെ നാമും ഭാഗഭാക്കുകളാകുന്നത്.

പ്രലോഭനങ്ങളിലേക്ക് കൂപ്പുകുത്താനുള്ള ക്ഷണമാണ് ആധുനികമാധ്യമങ്ങൾ നല്കുന്നത്. പ്രലോഭനങ്ങളും ക്രൂരത നിറഞ്ഞ മറ്റു പ്രവൃത്തികളും നന്മയായും ധീരതയായും അവയിലൂടെ അവത

രിപ്പിക്കപ്പെടുന്നു. ഉൽപത്തി പുസ്തകത്തിലെ സർപ്പരൂപിയായ പ്രലോഭകനിൽ നിന്ന് വ്യത്യസ്തനായി അത്യാകർഷകമായ രുപ ത്തിലും ഭാവത്തിലും വശ്യതയിലും മനുഷ്യന്റെ മൃദുല വികാരങ്ങളെ ചൂഷണം ചെയ്തും മോഹനവാഗ്ദാനങ്ങൾ നല്കിയും 'ആദിമുതലെ വഞ്ചകനും നുണയുനുമായ' പ്രലോഭകൻ ഇന്നും വിരാജിക്കുന്നു. ബെനെഡിക്റ്റ് പതിനാറാമൻ മാർപാപ്പ തന്റെ നോമ്പുകാല സന്ദേശത്തിൽ ഈശോയുടെ മരുഭൂമിയിലെ പരീക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "പ്രലോഭനത്തിനെതിരേ നടത്തിയ വിജയ പ്രദമായ സമരമാണ് ക്രിസ്തുവിന്റെ ദൗത്യത്തിന്റെ ആരംഭം. നമ്മുടെ ദുർബലതയെക്കുറിച്ച് ബോധമുണ്ടാകുവാനുള്ള ക്ഷണമാണത്. അതോടൊപ്പം പാപത്തിൽ നിന്ന് നമ്മെ രക്ഷിച്ച് വഴിയും സത്യവും ജീവനുമായ ക്രിസ്തുവിൽ ജീവിക്കുവാൻ ആവശ്യമായ കൃപാവരം സ്വീകരിക്കുന്നതിനുള്ള അവസരവുമാണത്. 'ഈ ലോകത്തിലെ അന്ധകാരത്തിന്റെ അധിപന്മാർക്കും ശക്തികൾക്കുമെതിരെയുള്ള (എഫേ. 6:12) യുദ്ധമാണത്. കർത്താവിനോട് കൂടുതൽ അടുക്കാൻ ആഗ്രഹിക്കുന്ന ആരേയും പ്രലോഭിപ്പിക്കുന്ന പ്രവൃത്തികൾ പിശാച് തുടർന്നുകൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള ഒരു പൈശാചിക പ്രലോഭനമാണ് മദ്യപാനം. ഇത് വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും നാശത്തിലേക്ക് വലിച്ചിഴക്കുകയും വ്യക്തിബന്ധങ്ങളെയും കുടുംബസമാധാനത്തെയും തകർക്കുകയും ചെയ്യുന്നു. നമ്മുടെ സമൂഹത്തെ ഈ തിന്മകയുടെ പ്രലോഭനത്തിൽ നിന്നും വിമുക്തമാക്കാൻ നമുക്ക് ആത്മാർത്ഥയോടെ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഹൃദയങ്ങളെ പ്രത്യാശയിലേക്കു തുറക്കാനും തിന്മയുടെ പ്രലോഭനങ്ങളെ കീഴടക്കുന്നതിൽ നമ്മെ നയിക്കാനും ക്രിസ്തു നമ്മോടു കൂടെയുണ്ട്.

ജീവിതത്തിൽ ദൈവത്തിനുള്ള പ്രഥമസ്ഥാനത്തെ തകർക്കുന്ന മറ്റൊരു തിന്മയാണ് ദ്രവ്യാഗ്രഹം. ഇത് അക്രമത്തിലേക്കും ചൂഷണത്തിലേക്കും നാശത്തിലേക്കും നയിക്കുന്നു. അതുകൊണ്ട് സഭ, പ്രത്യേകിച്ച് നോമ്പുകാലത്ത്, ദാനധർമ്മം അഭ്യസിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. സമ്പത്ത് പങ്കുവയ്ക്കാനുള്ളതാണ്. വസ്തുക്കളാകുന്ന വിഗ്രഹങ്ങളെ ആരാധിക്കുന്നവർ, മറ്റുള്ളവരിൽ നിന്ന്

അകലുന്നു. ജീവന്റെ ഉറവിടമായ ദൈവത്തിന്റെ സ്ഥാനത്ത് ഭൗതിക വസ്തുക്കളെ അവർ പ്രതിഷ്ഠിക്കുന്നു. ഹൃദയം നിറയെ സ്വാർത്ഥത യും അതിന്റെ പദ്ധതികളുമായി കഴിയുന്നവർക്കു സന്തുഷ്ടരാകുവാനോ ദൈവത്തിന്റെ പിതൃസഹജമായ നന്മ മനസ്സിലാക്കുവാനോ സാധിക്കുകയില്ല. സുവിശേഷത്തിലെ ഭോഷനായ ധനികനെപ്പോലെയാണവർ: ആത്മാവേ, അനേകവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു... (ലൂക്കാ. 12:19) എന്നാണ് അവർ കരുതുന്നത്. എന്നാൽ കർത്താവിന്റെ വിധിനിർണ്ണയം ഇപ്രകാരമായിരുന്നു: ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും... അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും? (ലൂക്കാ 12:20). ദാനധർമ്മത്തിന്റെ അഭ്യസനം ദൈവത്തിന്റെ പ്രഥമ സ്ഥാനത്തെയും എല്ലാം ദൈവദാനമാണെന്ന വിശ്വാസത്തിന്റെയും ഏറ്റുപറയലാണ്. അത് നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് തിരിക്കുന്നു. സ്വർഗസ്ഥനായ നമ്മുടെ പിതാവ് എത്ര നല്ലവനാണെന്ന് കണ്ടെത്താനും അനുഭവിച്ചറിയാനും എപ്പോഴും അവിടുത്തെ കാരുണ്യം ലഭിക്കാനും അതു നമ്മെ സഹായിക്കുന്നു.

ഉപവാസത്തെക്കുറിച്ച് മാർപാപ്പ പറയുന്നതിപ്രകാരമാണ്. ഉപവാസത്തിന് പല ലക്ഷ്യങ്ങൾ ഉണ്ടാകാം. എന്നാൽ ക്രൈസ്തവനെ സംബന്ധിച്ച് ആഴമേറിയതും മതപരവുമായ അർത്ഥമാണ് ഇതിനുള്ളത്. നമ്മുടെ ഊണുമേശ കൂടുതൽ ദരിദ്രമാക്കികൊണ്ട്, ദാനത്തിന്റെയും സ്നേഹത്തിന്റെയും യുക്തിയനുസരിച്ച് ജീവിച്ച്, സ്വാർത്ഥതയെ കീഴടക്കാൻ നാം പഠിക്കണം. ധാരാളിത്തം ഉപേക്ഷിക്കുന്നതോടൊപ്പം ആവശ്യമായവ കൂടി വേണ്ടെന്നു വയ്ക്കുമ്പോഴാണ് നമ്മിൽ നിന്ന് അകന്നുനിന്നു കൊണ്ട് നമ്മെത്തന്നെ നോക്കാൻ നമുക്ക് സാധിക്കുന്നത്. അതോടൊപ്പം നമ്മോടടുത്തുനില്ക്കുന്നവരെ സഹോദരീ സഹോദരന്മാരായി തിരിച്ചറിയാനും അവരിൽ ദൈവത്തെ കാണാനും അപ്പോൾ നമുക്ക് കഴിയും. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഉപവാസം മാനസികതളർച്ചയുണ്ടാക്കുന്ന ഒന്നല്ല; മറിച്ച് അതു നമ്മെ ദൈവത്തിലേക്കും മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കും കൂടുതൽ തുറവിയുവരാക്കുന്നു. അങ്ങനെ ദൈവസ്നേഹം അയല്ക്കാരനോടുള്ള സ്നേഹമായിത്തീരാൻ അത് ഇടവരുത്തുന്നു."

പൗലോസ് ശ്ലീഹാ ഇപ്രകാരം നമ്മെ ഉദ്ബോധിപ്പിക്കുന്നു: "എല്ലാവരും പാപം ചെയ്ത് ദൈവകൃപ നഷ്ടമാക്കി" (റോമ 3:23). പാപം മൂലം നമ്മിൽ നഷ്ടപ്പെട്ട ദൈവകൃപ വീണ്ടെടുക്കുന്നതിനും പിന്നീട് പാപത്തിൽ വീഴാതിരിക്കുന്നതിനുമുള്ള കരുത്താർജ്ജിക്കുന്നതിനും നോമ്പാചരണം നമ്മെ സഹായിക്കുന്നു. ആത്മാവിൽ ചൂഴ്ന്നിറങ്ങേണ്ട ശക്തമായ വചനമാണ് തിരുസഭാമാതാവ് നോമ്പുകാലം മുഴുവനിലും നമുക്ക് നല്കുന്നത്. സങ്കീർത്തകൻ ആലപിക്കുന്നു, "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്... അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിനു ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു" (സങ്കീ. 119:105, 11). അനുദിന ദിവ്യബലിയിൽ വചനം ധ്യാനിച്ചും വചനാനുസൃതം ജീവിച്ചും പുതിയ മനുഷ്യരായി നാം മാറണം. തിരുവചനധ്യാനം പാപപ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ സഹായിക്കും. അനുദിന ജീവിതത്തിന്റെ ബഹളങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവസാന്നിധ്യത്തിൽ മുഴുകാൻ അതു നമുക്കു പ്രചോദനമരുളും.

വിശുദ്ധ കുർബാനയിലെ പ്രാർത്ഥന നമ്മെ ഉദ്ബോധിപ്പിക്കുന്നതുപോലെ ദൈവസന്നിധിയിൽ നമ്മുടെ ഹൃദയങ്ങൾ തുറക്കാം. നോമ്പും പ്രാർത്ഥനയും ഉപവാസവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം. നോമ്പുകാലത്തെ ഫലദായകമാക്കാനുള്ള ദൃഢനിശ്ചയത്തോടെ അതിലേക്ക് പ്രവേശിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **ഫെബ്രുവരി 19-ാം** തിയ്യതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

16/2012
30-01-2012

## വിജ്ഞാപനം - 110

# തിരുബാലസഖ്യദിനം

**മിശിഹായിൽ പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദര ന്മാരേ, കുഞ്ഞുമക്കളേ,**

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച തിരു ബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുകയാണ്. ബാലനായ ഈശോയുടെ ജീവിതശൈലി ഓരോ കുഞ്ഞും സ്വന്തമാക്ക ണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ദൈവികമായ ജീവന്റെ വിശുദ്ധ സംസ്കാരത്തിന് പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ബോധപൂർവ്വകമായ കരുതലുകൾ ഉണ്ടായിരു ന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെ യും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതിൽ ഈ കരുതൽ വലിയ പങ്കുവഹിച്ചു.

കുടുംബവും സാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീക രിക്കുന്നതിൽ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകങ്ങൾ. ഒരു ജീവസംസ്കാരം രൂപപ്പെടുത്തണമെങ്കിൽ ഓരോ കുട്ടിയുടെയും ജീവിതസാഹചര്യങ്ങൾ അറിഞ്ഞേ മതിയാകൂ. കുട്ടിക ളുടെ ചിന്താമണ്ഡലങ്ങളും അതിൽ നിന്നും ഉയർന്നുവരുന്ന പ്രവർ ത്തന രീതികളുമൊക്കെ അവരുടെ ജീവിതനിലവാരത്തിന്റെയും ആദ്ധ്യാത്മിക നിലപാടുകളുടെയും സാക്ഷ്യങ്ങളാണ്. അതിനാൽ, കുഞ്ഞുങ്ങളുടെമേലുള്ള ദൈവപദ്ധതിക്ക് മുതിർന്നവർ കൂട്ടുനിൽ ക്കണം. അതിന്റെ തിരിച്ചറിവിനും വളർച്ചയ്ക്കും വേണ്ടി സഹകരിക്കു കയും വേണം. ഉപഭോക്തൃസംസ്കാരത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും പ്രത്യയശാസ്ത്രങ്ങളുടെ മാർഗഭ്രംശവും കുഞ്ഞുങ്ങളെ വഴിതെറ്റിക്കു ന്ന ഇക്കാലത്ത് അതു പ്രധാനപ്പെട്ട കാര്യമാണ്.

സാധാരണഗതിയിൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ആദ്യകുർബാനസ്വീ കരണം വരെയുള്ള ഈ കാലഘട്ടത്തിൽ കുരുന്നുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയ ത്തിൽവച്ച്, തന്റെ ജീവിതനിലപാട് വ്യക്തമാക്കി. മനസ്സാക്ഷി രൂപീകര ണത്തിന്റെ ഇളംപ്രായത്തിൽ ശരിയായ നിലപാടുകൾ കാണിച്ചുകൊടു ക്കുന്നതിന്റെ ആവശ്യകതയാണ് ഇവിടെ വ്യക്തമാകുന്നത്.

നിലപാടുരൂപീകരണം വളരെ സാവധാനത്തിൽ നടക്കുന്നതായ തുകൊണ്ടും സഭയ്ക്കും ക്രൈസ്തവമൂല്യങ്ങൾക്കും എതിരെയുള്ള അന്ധകാരശക്തികളുടെ പ്രവർത്തനം ശക്തമായതുകൊണ്ടും ധ്യാന ത്തോടെയും പരിചിന്തനത്തോടെയും വേണം കുഞ്ഞുങ്ങളുടെ വളർ ത്തലിലും ദൈവവിളി പ്രോത്സാഹനത്തിലും മുതിർന്നവർ ശ്രദ്ധിക്കു വാൻ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നിവ സഹകരിച്ചു പ്രവർത്തിച്ചെങ്കിലേ ഇതു സാധ്യമാവുകയുള്ളൂ.

“കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” (മത്താ. 19:14) എന്ന ഈശോയുടെ നിർദ്ദേശവും “എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്” (മത്താ. 25;40) എന്ന അവിടത്തെ വാക്കുകളും നമ്മുടെ മനസ്സിലുണ്ടാകണം. ദൈവസമ്മാനമായ കുഞ്ഞിന് ജന്മം നൽകി കുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അതിനെ നയിക്കുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കൾ സഹകരിക്കുന്നത്. ഇതിന് തടസ്സം നില്ക്കുന്ന ഏത് ശക്തിയും – അത് പാർട്ടി പ്രത്യയശാസ്ത്ര മാകട്ടെ, നിരീശ്വരവാദങ്ങളാകട്ടെ, ഉപഭോക്തൃസംസ്ക്കാരമാകട്ടെ, യാഥാസ്ഥിക വാദങ്ങളാകട്ടെ – സ്നേഹത്തെപ്രതി സർവ്വം സൃഷ്ടിച്ച് കാത്തുപരിപാലിക്കുന്ന കാരുണ്യവാനായ ദൈവത്തോടാണ് മറുത ലിക്കുന്നത്. “ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവന്റെ കഴുത്തിൽ തിരികല്ല്കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ്

നല്ലതെ"ന്ന (മത്താ. 18:6) ഈശോയുടെ വാക്കുകൾ ഇവർ ഓർക്കുന്നതു നല്ലതാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് അവനെ/അവളെ വളർത്താൻ നമുക്കു കഴിയണം. അതിനായി ചില പ്രായോഗിക നിദ്ദേശങ്ങൾ വയ്ക്കട്ടെ.

1. കുടുംബത്തിൽ ശാന്തിയും സമാധാനവും ഉറപ്പുവരുത്തുക. കുട്ടികളുടെ മുന്നിൽ പരസ്നേഹത്തിനെതിരായ പ്രവൃത്തികളോ ചർച്ചകളോ ഉണ്ടാകാതെ നോക്കണം. കരുണയില്ലാത്ത നിലപാടുകൾ ഉണ്ടാകരുത്. തിരുസഭയെയും മെത്രാന്മാരെയും വൈദികരെയും സന്ന്യസ്തരെയും കുറിച്ച് ബഹുമാനപൂർവ്വം സംസാരിക്കണം.

2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിതകഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട - സന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.

3. ഇടവക - ഫൊറോനാ-രൂപതാടിസ്ഥാനങ്ങളിൽ കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാകുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

4. തിരുബാലസഖ്യ ആനിമേറ്റേഴ്സായ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ മീറ്റിംഗും പ്രാർത്ഥനയും സംഘടിപ്പിക്കുക.

5. നമ്മുടെവിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങൾക്കു പുറമേ കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽകണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമാക്കി നൽകുക .

6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെ കുഞ്ഞുമനസ്സിൽ ദൈവചിന്തയെ ഉണർത്തുക. ഉപഭോക്തൃസംസ്കാരത്തിന്റെ ദോഷവശങ്ങളെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

7. വിദ്യാലയാന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാ പകരുടെയും പെരുമാറ്റവും ചർച്ചകളും സഭയ്ക്കും സഭാമേലധികാരികൾക്കും എതിരല്ല എന്നുറപ്പാക്കണം. ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും ദൈവവചന ലിഖിതങ്ങളും ഉപയോഗിക്കുക.

8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നത് നല്ലതാണെന്നും അഭിമാനിക്കാവുന്നതാണെന്നും അതുവഴി കുടുംബം അനുഗ്രഹിക്കപ്പെടുമെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക;

9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

കുടുംബത്തിൽ ആരംഭിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്ന് പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപന്ത്രണ്ടിന്റെ തിരുബാലസഖ്യദിനചിന്തകൾ.

പ്രിയപ്പെട്ട കുഞ്ഞുകൂട്ടുകാരേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. കാരുണ്യവാനായ ഈശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ഫെബ്രുവരി 5-ാം** തിയ്യതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും പൂർണ്ണമായി വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## Agreement between the Catholic Church and the Malankara Orthodox Syrian Church on the Sharing of Sacred Places

This agreement between the Catholic Church and the Malankara Orthodox Syrian Church on sharing of Sacred Places has been prepared taking into account the common profession of faith on the mystery of the Incarnate Word and the development in the understanding of the common faith in the mystery of the Church and the sacraments.

Churches are consecrated buildings which have an important theological and liturgical significance for both the Catholic Church and the Malankara Orthodox Church. However, if one of these two Churches does not have a place or the liturgical objects necessary for their services. Under similar circumstances, permission may be given for the sharing the cemeteries, which are also sacred places.

The Joint International Commission for Dialogue between the Catholic Church and the Malankara Orthodox Syrian Church proposes the following as guidelines for the sharing of the church buildings and cemeteries.

1. Where a community of the Catholic/Malankara Orthodox Syrian Christians of a particular place does not have a place for liturgical celebrations or cemetery for Christian burial, the parish priest of that community may request the use of such places from the Diocesan Bishop of the Church who owns such a place with the recommendation letter of his own diocesan bishop.
2. Having made the necessary consultation with the parish priest and considering the local situation, the bishop may give the written permission indicating that this permission does not give any claim on the land.
3. On the approval by the bishop, the local Parish Council/Managing Committee has to prepare the relevant ‘terms and conditions’ considering all local impediments.
4. The ‘terms and conditions’ have to get its prior approval from the concerned bishops on either side before being signed as an agreement.
5. Since the issues related to burial could be sensitive professional legal advice may be taken while preparing the necessary ‘terms and conditions’.

6. The minister of the funeral must be the minister of the Church of the deceased person. When the minister of his/her own Church is not available, the minister of the other Church is entitled to officiate the ceremony. The celebrant has to follow the liturgical rites of his Church.
7. Post-funeral prayers in the cemetery shall be done without causing inconvenience to the parish to which the cemetery belongs.
8. The formalities regarding the funeral and the erection of the tomb stone, cross etc. at the burial place must be in accordance with the norms of the parish community to whom the cemetery belongs.
9. In the event of both the Churches lacking a burial site, both Churches could approach the local authorities for permission to secure a common cemetery.

Signed by
**His Excellency Rt. Rev. Brian Farrell**
Co-Chairman
**His Grace Dr. Gabriel Mar Gregorios**
Co Chairman

---

### Agreement between the Catholic Church and the Malankara Syrian Orthodox Church (Jacobite Syrian Christian Church) on Sharing of Sacred Places

This agreement between the Catholic Church and the Malankara Syrian Orthodox Church (Jacobite Syrian Christian Church) on sharing of sacred paces has been prepared taking into account the common profession of faith on the mystery of the Incarnate Word and the common affirmation of the faith in the mystery of the Church and the sacraments. Besides, the possibility given by the declaration for a pastoral collaboration including the mutual admission of the faithful belonging to both the Churches to the reception of the sacraments of Penance, Eucharist and Anointing of the Sick for a grave spiritual need and the agreement on mixed marriage have also taken into account.

Churches are consecrated buildings which have an important theological and liturgical significance for both the Catholic Church and the Malankara Syrian Orthodox Church. However if one of these two churches do not have a place or the liturgical objects necessary for celebrating worthily the Eucharistic liturgy, the diocesan bishop of the

other Church may allow them the use of a church building of their Church and also lend them what may be necessary for their services. Under similar circumstances permission may be given on sharing of the cemeteries.

The Joint International Commission for Dialogue between the Catholic Church and the Malankara Syrian Orthodox Church proposes the following as guidelines for the sharing of church buildings and cemeteries.

**Agreement between the parishes**

1. Where a community of the Catholic/Malankara Syrian Orthodox Christian of a particular place does not have a place for celebrating the Eucharistic liturgy or cemetery for Christian burial, the parish priest of that community may request the diocesan bishop of the Church who owns such a place with recommendation letter of their diocesan bishop.

1.1. Having made the necessary consultation with the parish priest and considering the local situation, the bishop may give the written permission indicating that this permission does not give any claim on the land.

2. While giving permission for sharing of the cemetery the following conditions have to be included.

2.1. Minister of the funeral must be the minister of the person concerned. But when the minister of one's own Church is not available, the minister of the other Church is entitled to officiate the ceremony. He has to do it using liturgical text and liturgical vestments of his Church.

2.2. Post funeral prayers in the cemetery shall be allowed without causing inconvenience to the parish to which the cemetery belongs.

2.3. The formalities regarding the funeral and erection of the tomb stone, cross etc. at the burial place must be according to the norms of the parish community to whom the cemetery belongs.

**H.B. Aboon Mor Baselios Thomas I Catholicose**
Jacobite Syrian Christian Church

**H.E. Rt. Rev. Brian Farrell**
Secretary, Pontifical Council for Christian Unity

**Agreement between the Catholic Church and the Malankara Orthodox Syrian Church on Sharing of the Sacrament of Anointing of the Sick**

This agreement between the Catholic Church and the Malankara Orthodox Syrian Church on sharing of the Sacrament of Anointing of the Sick has been prepared taking into account the common profession of faith on the Mystery of the Incarnate Word and the development in the understanding of the common faith in the mystery of the Church and the sacraments.

1. The following two facts are considered in this context:
   a. The particular status of the Oriental Orthodox Churches as recognized in the decree of the Second Vatican Council. Exceptional permission is given for administration and reception of the Sacraments in relation to the members of the Oriental Orthodox Churches.
   b. The particular status of the Catholic Church is recognized in the Synodal decisions of the Malankara Orthodox Church in February 1977. Exceptional permission is given for administration and reception of the Sacraments in relation to the members of the Catholic Church.

2. On the basis of the above two facts, we agree that, in the event of an emergency and in the absence of the minister of one Church, the faithful can approach the minister of the other Church to receive the Sacrament of Anointing of the Sick, who may administer the sacrament in his own liturgical rite.

Signed by

**His Excellency Rt Rev. Brian Farrell**
Co-Chairman
**His Grace Dr. Gabriel Mar Gregorios**
Co-Chairman

POC, Secretariat of Kerala Catholic Bishops' Council
Kochi-682 025/16.01.2012/Ref: 2369/K 35/OL/KCBC/DS

2012



# BISHOP'S Engagements

**FEBRUARY 2012**

| | | |
|---|---|---|
| 1-8 | | CBCI Meeting, Bangalore |
| 9 | PM | Mercy College |
| 11 | AM | Vimal Rani Provincial House, Mundur |
| | PM | St. Francis of Assisi Church, Kadambur |
| 12 | AM | St. George Church, Vachanagiri |
| | PM | St. Antony's Church, Pombra |
| 13 | | Monthly Recollection |
| 14 | | Ernakulam |
| 18 | AM | Pastoral Centre, Palakkad |
| | PM | Tathamangalam (Vestition) |
| 19 | AM | St. Thomas Church, Palakuzhi |
| | PM | St. Antony's Church, Kozhinjampara |
| 20 | AM | St. Raphael's Cathedral, Palakkad |
| | PM | Bishop's House (Diaconate) |
| 22-23 | | St. Joseph's Pontifical Seminary, Mangalapuzha |
| 26 | | St. Mary's Church, Arogiapuram |



# From the Bishop's Office

**വൈദികർക്കും സന്യസ്തർക്കും വേണ്ടിയുള്ള പ്രാർത്ഥന**

കുർബാനക്കുശേഷം ചൊല്ലുന്ന "നിത്യപുരോഹിതനായ ഈശോ" എന്ന പ്രാർത്ഥനയുടെ അവസാനം സന്യസ്ഥരേയും അല്മായരേയും താഴെകാണുന്ന വിധം അനുസ്മരിക്കണമെന്നുള്ള കെ.സി.ബി.സിയുടെ നിർദ്ദേശം ഏവരും പാലിക്കേണ്ടതാണ്.

കർത്താവേ/ അങ്ങയുടെ സഭയ്ക്ക് / വിശുദ്ധരായ വൈദികരേയും/ സന്യാസിനീ - സന്യാസിമാരേയും / അല്മായ പ്രേഷിതരെയും/ പ്രദാനം ചെയ്യേണമെ.

ലോക രക്ഷകനായ ഈശോ, അങ്ങേ പുരോഹിതരേയും വൈദിക ശുശ്രൂഷകരേയും ശുദ്ധീകരിക്കണമെ.

വൈദികരുടെ രാജ്ഞിയായ മറിയമേ, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെ.

വി. അൽഫോൻസാമ്മേ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കണമെ.

തിരുക്കുടുംബമേ, ഞങ്ങളുടെ കുടുംബങ്ങളെ നിർമ്മലമായി കാക്കണമെ.

**മാർ ജേക്കബ് മനത്തോടത്ത്**

**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി - ഫെബ്രുവരി 13

**വൈദികരുടെ മാസധ്യാനം**

വൈദികരുടെ മാസധ്യാനം ഫെബ്രുവരി 13-ാം തിയ്യതി അരമനയിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്

**പള്ളിയുടെ വാർഷിക തെരട്ട്**

1. "ഇൻകം ടാക്സ് റിട്ടേൺ" കൃത്യമായി അയയ്ക്കാനുള്ളതുകൊണ്ട് പള്ളിക്കണക്കുകൾ യഥാസമയം ഓഡിറ്റിങ്ങ് നടത്തി അരമനയിൽ 2012 ജൂൺ 30-നു മുമ്പെങ്കിലും ഏല്പിക്കേണ്ടതാണ്. ഓഡിറ്റിങ്ങ് ഇവിടെ നടത്തണമെന്നുള്ളവർ 2012 മെയ് 10-നു മുമ്പ് കണക്കു പുസ്തകങ്ങളും ബില്ലുകളും വൗച്ചറുകളും ബാങ്ക് രേഖകളും ഡെപ്പോസിറ്റ് രസീതുകളും എത്തിക്കണം.

**2.** പള്ളിയുടെ തെരട്ട് തയ്യാറാക്കുമ്പോൾ രൂപതാ തെരട്ടുഫോമിൽ കൊടുത്തതുപോലെ തന്നെ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ഇന്റേണൽ ഓഡിറ്റിങ്ങിന് ആവശ്യമായ വ്യക്തികളെ ഇടവകയോഗം നേരത്തെ തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്. അവർ ഓഡിറ്റിങ്ങ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ രൂപത നിയമാവലി പേജ് 271 – ൽ കാണുക.

**3.** തെരട്ട് സമർപ്പിക്കുമ്പോൾ രൂപതകാര്യാലയത്തിൽ നിന്ന് അച്ചടിച്ച ഇന്റേണൽ ഓഡിറ്റിങ്ങ് ഫോമും കൂടി പൂരിപ്പിച്ച് ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. തെരട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ രൂപത നിയമാവലി പേജ് 272–ൽ വിശദമായി ചേർത്തിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിങ്ങ് കഴിഞ്ഞ കണക്ക് പ്രതിനിധിയോഗത്തിൽ പാസ്സാക്കുകയും തുടർന്ന് C.A ഓഡിറ്റിങ്ങ് നടത്തിയ കണക്ക് വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് തെരട്ട് പാസ്സാക്കുകയും വേണം.

**4.** രൂപതയിൽ തെരട്ട് സമർപ്പിക്കുന്ന ക്രമത്തിൽ പള്ളികളുടെയും കൈകാരന്മാരുടെയും പേരുകൾ ബുള്ളറ്റിനിൽ ചേർക്കുന്നതാണ്.

**5.** പള്ളികളിലെ സംഘടനകളുടെ വാർഷിക കണക്ക് അതാതു സംഘടനകകളുടെ വാർഷിക പൊതുയോഗത്തിൽ വായിച്ചു പാസ്സാക്കുകയും, ഓരോന്നിന്റേയും സംക്ഷിപ്ത രൂപം ഇടവക വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

6. പള്ളികളോടനുബന്ധിച്ചുള്ള സ്കൂളുകളുടെ (നഴ്സറിസ്കൂൾ ഉൾപ്പെടെ) കണക്കുകളും തെരട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. വൈദിക വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി പള്ളികളിൽ മുൻകൂട്ടി അറിയിച്ച് പെസഹാവ്യാഴാഴ്ച പ്രസ്തുത ഫണ്ട് സമാഹരിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പ്രേഷിത സംഗമം (പാലാരൂപത)**

പാലാരൂപത ഒരു പ്രേഷിത സംഗമം 2012 ഏപ്രിൽ 30–ാം തിയ്യതി രാമപുരത്തുവെച്ച് സംഘടിപ്പിക്കുന്നുണ്ട്. ആ രൂപതയിൽ നിന്നും മറ്റു രൂപതകളിൽ പ്രേഷിതരായി പ്രവർത്തിക്കുന്നവരെ പ്രസ്തുത സംഗമത്തിൽ സംബന്ധിക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ക്ഷണിക്കുന്നു എന്ന വിവരം ഇതിനാൽ അറിയിക്കുന്നു. രാവിലെ 9.30 മുതൽ 4.00 മണി വരെ ദീർഘിക്കുന്ന സംഗമത്തെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് www.palaidiocese.com സന്ദർശിക്കുക.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Mar-12 | THU | Rev. Fr. Puthenkalathil Jomon |
| 2-Mar-12 | FRI | Rev. Fr. Puthenpurayil Joshy |
| 3-Mar-12 | SAT | Rev. Fr. Puthukara John |
| 5-Mar-12 | MON | Rev. Fr. Thaikattil Anto |
| 6-Mar-12 | TUE | Rev. Fr. Thamarassery Sebastian |
| 7-Mar-12 | WED | Rev. Fr. Thanickal Thomas |
| 8-Mar-12 | THU | Rev. Fr. Tharaniyil Paul |
| 9-Mar-12 | FRI | Rev. Fr. Thattil Martin |
| 10-Mar-12 | SAT | Rev. Fr. Thekkumkattil Jomy |
| 12-Mar-12 | MON | Rev. Fr. Theruvankunnel George |
| 13-Mar-12 | TUE | Rev. Fr. Thoonikavil Jose Prakash |
| 14-Mar-12 | WED | Rev. Fr. Thottankara Francis |
| 15-Mar-12 | THU | Rev. Fr. Thottian Paul |
| 16-Mar-12 | FRI | Rev. Fr. Thukkuparambil Betson |
| 17-Mar-12 | SAT | Rev. Fr. Thuruthuvelil Nilesh |
| 19-Mar-12 | MON | Rev. Fr. Thuruthipally George |
| 20-Mar-12 | TUE | Rev. Fr. Vadakkekara Goji |
| 21-Mar-12 | WED | Rev. Fr. Vadakkekara Tom |
| 22-Mar-12 | THU | Rev. Fr. Vadakkumchery Thomas |
| 23-Mar-12 | FRI | Rev. Fr. Vadakken Jaison |
| 24-Mar-12 | SAT | Rev. Fr. Valayathil Xavier |
| 26-Mar-12 | MON | Rev. Fr. Vattukalathil Saji |
| 27-Mar-12 | TUE | Rev. Fr. Vazhayil Mathew |
| 28-Mar-12 | WED | Rev. Fr. Vazheparambil Sebastian |
| 29-Mar-12 | THU | Rev. Fr. Velliamkandathil Jaijin |
| 30-Mar-12 | FRI | Rev. Fr. Ackaparambil Joyson |
| 31-Mar-12 | SAT | Rev. Fr. Aippanparambil Dominic |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ (I-IX ക്ലാസ്സുകൾ)**

I മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ വേദ പാഠ പരീക്ഷ ഫെബ്രുവരി 26-ാംതിയ്യതി ഞായറാഴ്ചയായിരിക്കും നടക്കുന്നത്. രണ്ടാം സെമസ്റ്റർ പരീക്ഷാ 80 മാർക്കിലായിരിക്കും 20 മാർക്ക് ഇന്റേണൽ ആയിരിക്കും.

**പഠനഭാഗം:** ജനറൽ ക്വിസ് : ക്ലാസ് 5-7 (പേജ് 100-132), ക്ലാസ് 8-10 (പേജ് 134-149), ക്ലാസ് XI, XII (പേജ് 184-215)

**സൺഡേ സ്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, II HDC ക്ലസ്സുകളിലെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയം ഫെബ്രുവരി 12-ാം തിയതി ഞായറാഴ്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും II HDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

NB: പഠിപ്പിക്കുന്ന പുസ്തങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

**റീ. എക്സാമിനേഷൻ**

X, II,HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **മാർച്ച് 25-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും മാർച്ച് 26-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. 10th, II HDC ക്ലാസുകളിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 4-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 4-ാം തിയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 173-215) | 50 മാർക്ക് |
| പരിശുദ്ധാരൂപി | 15 മാർക്ക് |
| പ്രേഷിത സഭ (പേജ് 1-44) | 25 മാർക്ക് |

| | |
|---|---|
| പൊതുവിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

ചോദ്യപേപ്പറിലെ എല്ലാ ചോദ്യങ്ങളും ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് ഉത്തരം എഴുതേണ്ടതാണ്. ഉത്തരക്കടലാസിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരക്കടലാസിൽ ഇട വകയുടെ സീൽ വെയ്ക്കരുത്. ഉത്തരക്കടലാസ് മാർച്ച് 5-ാം തിങ്കളാഴ്ച മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**കുട്ടികളുടെ ക്വിസ് മത്സരം**

**മാർ ജോസഫ് ഇരിമ്പൻ മെമ്മോറിയൽ ക്വിസ് 2010-211**

ജനുവരി 14-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് വേദപാഠം പഠിക്കുന്ന കുട്ടികൾക്കായുള്ള മാർ ജോസഫ് ഇരിമ്പൻ മെമ്മോറിയൽ ക്വിസ് മത്സരം നടന്നു. ഫൊറോന ക്വിസ് മത്സരങ്ങളിൽ U.P., H.S., H.S.S. എന്നീ വിഭാഗങ്ങളിൽ നിന്നും വിജയികളായ കുട്ടികൾ രൂപതാ മത്സരത്തിൽ പങ്കെ ടുത്തു. സമാപന സമ്മേളനത്തിൽ ബഹു. ഡയറക്ടറച്ചൻ സ്വാഗതം ആശം സിക്കുകയും മുൻ ഡയറക്ടർ റവ. ഫാ. മാത്യു വാഴയിൽ സന്ദേശം നൽകു കയും രൂപതാ, ഫൊറോനതല വിജയികൾക്ക് സമ്മാനം നൽകി ആദരി ക്കുകയും ചെയ്തു. ഓഡിയോ വിഷ്വൽ ക്വിസ് മത്സരത്തിന് നേതൃത്വം നൽകിയ റവ. ഫാ. ആന്റോ കീറ്റിക്കലിന് ഹൃദ്യമായ നന്ദി.

**രൂപതാതല വിജയികൾ**

**U.P Section**

| | | |
|---|---|---|
| I | ജിബിൻ പയസ് | |
| | ജിസ്ന എം.എസ് | നെന്മാറ |
| II | ക്രിസ്റ്റീന മാത്യു | |
| | ജോസ്ന ജോസഫ് | അഗളി |
| III | ഡോണിയ ബാബു | |
| | നമിത ജോർജ്ജ് | മംഗലംഡാം |

**H.S. Section**

| | | |
|---|---|---|
| I | ജെൻസി പി.ജോൺ | |
| | ഷിൻസി ഫിലിപ്പോസ് | കാരറ |
| II | ജെറിൻ ടോം ജോഷി | |
| | ജിൻസൺ ജോയ് | കല്ലേപ്പുള്ളി |
| III | സോഫിസുനിൽ | |
| | ദിയാമെറിൻ മാത്യു | പൂഞ്ചോല |

**H.S.S Section**

| | | |
|---|---|---|
| I | സുഷ്മിത സജീവ് | |
| | സംഗീത സജീവ് | വടക്കഞ്ചേരി |
| II | ഡിവിൻ പോൾസൺ | |
| | ജെഫിൻ മാത്യു | കാഞ്ഞിരപ്പുഴ |
| III | ജിതിൻ റാഫി | |
| | ജീനപയസ് | നെന്മാറ |

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിര

ഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 11-ാതിയ്യതി ഞായറാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 14-ാം തിയ്യതി ശനിയാഴ്ചായാണ്.

**പഠനഭാഗം : പാഠപുസ്തകം 70 മാർക്ക്, ബൈബിൾ : 20 മാർക്ക് (പുറപ്പാട് 16-20, മത്തായി 15-19 അദ്ധ്യായങ്ങൾ), പൊതുവിജ്ഞാനം : 10 മാർക്ക്.**

**ക്ലാസ്സ് IV പഠനഭാഗം : പാഠപുസ്തകം, നമസ്ക്കാരം 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്**

ഉത്തരക്കടലാസുകൾ ഏപ്രിൽ 16ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. (വിശദ വിവരങ്ങൾക്ക് കലണ്ടർ 44, 45 പേജുകൾ കാണുക).

**കയ്യെഴുത്ത് മാസിക വിജയികൾ**

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തിയെ കണ്ടെത്താനും വളർത്തുവാനുമായി രൂപതാതലത്തിൽ സംഘടിപ്പിച്ച കൈയ്യെഴുത്ത് മാസിക മത്സരം വൻ വിജയമായിരുന്നു. ഇതിനുവേണ്ടി അധ്വാനിച്ച ബഹു. വൈദികർക്കും പ്രധാനഅധ്യാപകർക്കും അധ്യാപകർക്കും കുട്ടികൾക്കും ഒത്തിരി നന്ദി. വിജയികളുടെ പേരു വിവരം താഴെ കൊടുക്കുന്നു.

**രൂപതാതലവിജയികൾ**

| | | |
|---|---|---|
| I | കഞ്ചിക്കോട് സൺഡേസ്കൂൾ | Pellegrina |
| II | ജോസ് ഗിരി സൺഡേസ്കൂൾ | Novus |
| III | അഗളി സൺഡേ സ്കൂൾ | ദൂത് |

**ഫൊറോന മത്സരവിജയികൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | |
| കാഞ്ഞിരപ്പുഴ ഫൊറോന സൺഡേസ്കൂൾ | പ്രേഷിതനൗക |
| മംഗലംഡാം ഫൊറോന | |
| നീതിപുരം സൺഡേ സ്കൂൾ | പ്രഘോഷിക |
| മണ്ണാർക്കാട് ഫൊറോന | |
| മണ്ണാർക്കാട് ഫൊറോന സൺഡേസ്കൂൾ | പെനുമേൽ |
| മേലാർക്കോട് ഫൊറോന. | |
| പോത്തുണ്ടി സൺഡേ സ്കൂൾ | പുറപ്പാട് |
| ഒലവക്കോട് ഫൊറോന | |
| സെന്റ് ജൂഡ് മലമ്പുഴ സൺഡേസ്കൂൾ | മീത്തരെ |
| ഒറ്റപ്പാലം ഫൊറോന | |
| കടമ്പൂർ സൺഡേ സ്കൂൾ | Divina |
| പൊന്നംകോട് ഫൊറോന | |
| ചുള്ളിയാംകുളം സൺഡേസ്കൂൾ | അലെപ്രൊക്ലാമെ |

തത്തമംഗലം ഫൊറോന

തത്തമംഗലം സൺഡേസ്കൂൾ പ്രേഷിത നിനവ്

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും

സ്ഥലം : **പാലക്കാട് പാസ്റ്ററൽ സെന്റർ**

| | |
|---|---|
| **മാർച്ച് 26–27** | മേലാർക്കോട്, പാലക്കാട് ഫൊറോനകൾ |
| **മാർച്ച് 28–29** | മംഗലംഡാം- തത്തമംഗലം ഫൊറോനകൾ |
| **മാർച്ച് 30–31** | വടക്കഞ്ചേരി ഫൊറോന |
| **ഏപ്രിൽ 9–10** | കാഞ്ഞിരപ്പുഴ ഫൊറോന |
| **ഏപ്രിൽ 11–12** | മണ്ണാർക്കാട് ഫൊറോന |
| **ഏപ്രിൽ 13–14** | പൊന്നംകോട് ഫൊറോന |
| **ഏപ്രിൽ 23–24** | ഒറ്റപ്പാലം ഫൊറോന |
| **ഏപ്രിൽ 25–26** | ഒലവക്കോട് ഫൊറോന |
| **മെയ് 1–2** | താവളം ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 125 രൂപയാണ് രജി. ഫീസ്.

**പ്രധാനാധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം**

സൺഡേ സ്കൂൾ പ്രധാന അധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം 2012 ജനുവരി 26-ാം തിയ്യതി രാവിലെ 10 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ നടന്നു. ലോഗോസ് അവാർഡ്ഡേയോടനുബന്ധിച്ച് നടന്ന മിറ്റിംഗിൽ അഭിവന്ദ്യ പിതാവ് പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. ലോഗോസ് ക്വിസ് മത്സരം, അധ്യാപകരുടെ ക്വിസ് മത്സരം, അൾത്താരസംഘം ക്വിസ്മത്സരം, കൈയ്യെഴുത്ത് മാസിക തുടങ്ങിയവയുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി അസി. ഡയറക്ടർ ഫാ. അരുൺ കലമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. മിറ്റിംഗിനുശേഷം ഡയറക്ടറച്ചൻ പ്രധാന അധ്യാപകരെയും സെക്രട്ടറിമാരെയും കണ്ട് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏകദേശം 350 പേരോളം പങ്കെടുത്തു.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

| | |
|---|---|
| മാർച്ച് 10 ശനി. | മംഗലംഡാം ഫൊറോന |
| | (9.30 am to 11.30 am ഫൊറോന പള്ളി) |
| | മേലാർക്കോട് ഫൊറോന |
| | (2.00 pm to 4.pm നെന്മാറ പാരിഷ്ഹാൾ) |
| മാർച്ച് 17 ശനി | തത്തമംഗലം ഫൊറോന |
| | 2.pm to 4.00 pm ഫൊറോനപള്ളി |
| മാർച്ച് 24 ശനി | വടക്കഞ്ചേരി ഫൊറോന |
| | (2.pm to4.00pm ഫൊറോന പള്ളി) |
| മാർച്ച് 31 ശനി | കാഞ്ഞിരപ്പുഴ ഫൊറോന |
| | (9.30 am to 11.30 am ഫൊറോന പള്ളി) |
| | പൊന്നംകോട് ഫൊറോന |
| | 2.pm to 4.00pm ഫൊറോന പള്ളി |
| ഏപ്രിൽ 2 തിങ്കൾ | ഒലവക്കോട് ഫൊറോന |
| | 9.30 am to 11.30 am ഫൊറോനപള്ളി |
| | പാലക്കാട് ഫൊറോന |
| | 2.00pm to 4 pm പാസ്റ്ററൽ സെന്റർ |
| ഏപ്രിൽ13 വെള്ളി | ഒറ്റപ്പാലം ഫൊറോന |
| | (2.00 pm tp 4 pm ഫൊറോന പള്ളി) |
| ഏപ്രിൽ 14 ശനി | മണ്ണാർക്കാട് ഫൊറോന |
| | 9.30 am to 11.30 pm ഫൊറോനപള്ളി |
| | താവളം ഫൊറോന |
| | (2.00 pm to4.pm ഫൊറോന പള്ളി) |

**റഗുലർ സ്കൂൾ വാർഷിക പരീക്ഷ**

**ഫെബ്രുവരി 20ന് നടത്താനിരുന്ന 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഫെബ്രുവരി 17-ാം തിയ്യതി വെള്ളിയാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നു.**

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 5-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരിക്ഷാ ഏപ്രിൽ 2-ാം തിയ്യതി തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ് തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ)**

**പ്രേഷിതയായ സിറോ-മലബാർ സഭ**

സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും വേണ്ടി സിനഡൽ കമ്മീഷൻ ഫോർ കാറ്റകെസീസ് തയ്യാറാക്കിയിരിക്കുന്ന പുസ്തകം **"പ്രേഷിതയായ സീറോമലബാർ സഭ"** സാൻജോ ബുക്സ്റ്റാളിൽ ലഭ്യമാണ്. രൂപതയിലെ എല്ലാ അധ്യാപകരും അഞ്ചാം ക്ലാസ്സിന് മുകളിലുള്ള എല്ലാ കുട്ടികളും നിർബന്ധമായും ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണ്. വി. 12.00 രൂപ.

## Youcat

കത്തോലിക്കാസഭയുടെ യുവജന മതബോധനഗ്രന്ഥം "Youcat' സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ചോദ്യോത്തര ശൈലിയിൽ ക്രമീകരിച്ചിരിക്കുന്ന ഈ പുസ്തകം ഏവർക്കും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്. **വില 200 രൂപ.**

**സ്റ്റാർസ്**

പാലക്കാട് രൂപതയുടെ വിദ്യാഭ്യാസ സംരംഭമായ Sanjoe Training Academy for Resourceful Students- Stars ലേക്കുള്ള ആദ്യഘട്ട തിരഞ്ഞെടുപ്പ് പൂർത്തിയായിരിക്കുന്നു. രണ്ടാംഘട്ട തിരഞ്ഞെടുപ്പിനായുള്ള പരിശീലനക്യാമ്പ് 2011 ഡിസംബർ 29, 2012 ജനുവരി 14 എന്നീ ദിവസങ്ങളിലായി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ഈ വർഷത്തെ സ്റ്റാർസിലേക്കുള്ള പ്രവേശനം അവസാനിച്ചിരിക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് അവാർഡ് ഡേ**

ജനുവരി 26-ാം തിയ്യതി ലോഗോസ് അവാർഡ് ഡേ ആയി ആഘോഷിച്ചു. രാവിലെ 10 മണിക്ക് നടന്ന മീറ്റിംഗിൽ വച്ച് ലോഗോസ് 2011 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. രൂപതാ തലത്തിൽ 1 മുതൽ 5 വരെ റാങ്കുകൾ ലഭിച്ചവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാർക്കും സമ്മാനങ്ങൾ നൽകി. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ഉള്ള ട്രോഫികൾ വിതരണം ചെയ്തു. A വിഭാഗത്തിൽ 60% ത്തിൽ കൂടുതൽ ലഭിച്ചവർക്കും B, C, D, E വിഭാഗങ്ങളിൽ 70%ത്തിൽ കൂടുതൽ ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകളും നൽകി.

**ലോഗോസ് ക്വിസ് 2012**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 30-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 25-നും ആയിരിക്കും.

**പഠനഭാഗം**
പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പോസ്തലേറ്റ്



# തിരുബാലസഖ്യം

**രൂപതാകലോത്സവം - ഫെബ്രുവരി 11**

തിരുബാലസഖ്യത്തിന്റെ രൂപതാമത്സരങ്ങൾ പാസ്റ്ററൽ സെന്ററിൽ വെച്ച് ഫെബ്രുവരി 11 ശനിയാഴ്ച 9.30 മുതൽ നടത്തപ്പെടുന്നു. അന്നേ ദിവസം രാവിലെ 9 മണിക്ക് പാസ്റ്ററൽ സെന്ററിൽ എത്തി പേർ രജിസ്റ്റർ ചെയ്ത് നമ്പർ കൈപ്പറ്റേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

ഉച്ചഭക്ഷണം ആവശ്യമുള്ളവർ '9544334162' എന്ന നമ്പറിൽ നേരത്തെ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് വിതരണം ചെയ്യുന്ന ടോക്കൺ ഉള്ളവർക്കുമാത്രമെ ഭക്ഷണം ലഭിക്കുകയുള്ളു.

കുട്ടികൾക്ക് ഭക്ഷണത്തിന്-30 രൂപയും മുതിർന്നവർക്ക് ഭക്ഷണത്തിന് 35 രൂപയുമായിരിക്കും.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 12 ഞായർ**

തിരുബാലസഖ്യദിനം എല്ലാവർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. അന്നേ ദിവസം കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്ക് ആശംസകൾ നേരാനും നമുക്ക് ഉപയോഗിക്കാം. വി. കുർബാന കുഞ്ഞുങ്ങൾക്കുവേണ്ടി അർപ്പിക്കുകയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് കലാപരിപാടികൾ നടത്തുകയും ചെയ്യുന്നത് ഉചിതമാണ്. ഇതിനോടനുബന്ധിച്ചുള്ള പോസ്റ്ററുകൾ രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. അന്നേ ദിവസം മനോഹരമാക്കുവാൻ ബഹു. ആനിമേറ്റേഴ്സും അച്ചന്മാരും ശ്രദ്ധിക്കുമല്ലോ. എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**തിരുബാലസഖ്യം കളക്ഷൻ**

കുഞ്ഞുക്കൾക്കായുള്ള നമ്മുടെ സംഘടനയുടെ പ്രധാന ലക്ഷ്യം കുഞ്ഞുങ്ങളെ സഹായിക്കലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പയ്ക്ക് എല്ലാവർഷവും അയച്ച് കൊടുക്കേണ്ടതാണ്. അതിനാൽ ഈ വർഷം ഇടവകകളിൽ നിന്നും തിരുബാലസഖ്യത്തിനായി നല്കുന്ന തുക മാർച്ച് മാസത്തിന് മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**പ്രത്യേകം ശ്രദ്ധിക്കുക**

ഫൊറോന തലത്തിൽ നിന്നും രൂപതയിലേക്ക് മത്സരിക്കുവാൻ അർഹരായ ലിസ്റ്റിൽ പേര് തന്നിട്ടുള്ള കുട്ടികൾ മാത്രമേ രൂപതാ മത്സരത്തിൽ പങ്കെടുക്കാൻ പാടുകയുള്ളൂ. ഏതെങ്കിലും കുട്ടി വരാത്തതിന്റെ പേരിൽ ലിസ്റ്റിൽ പേര് തരാത്ത മറ്റൊരാളെ പങ്കെടുപ്പിക്കാൻ അനുവദിക്കുന്നതല്ല.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## ചെറുപുഷ്പ മിഷൻ ലീഗ്

**2012 ഫെബ്രുവരി - കർമ്മ പരിപാടികൾ**

ശാഖകളിലും മേഖലാതലത്തിലും സംഘടനാ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുവെന്നു കരുതുന്നു. ഏവർക്കും രൂപതാ സമിതിയുടെ ക്ഷേമാന്വേഷണങ്ങൾ സംഘടനാംഗങ്ങൾ വിവിധ പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന സമയമാണല്ലോ ഇത്. ഫെബ്രുവരി മാസം നാം പ്രാർത്ഥനാ ചൈതന്യത്തോടെ,ആത്മീയ നിറവോടെ മുന്നേറുന്ന മാസമാണ്. കൂടുതൽ പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു.

12 ഞായർ. സംഘടനാഗംങ്ങൾ ശാഖകളിൽ ഒരുമിച്ചുകൂടി പരീക്ഷയ്ക്ക്

തയ്യാറെടുക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുകയും പരസ്പരം വിജയാശംസകൾ നേരുകയും ചെയ്യുക.

20. തിങ്കൾ– വലിയ നോമ്പ് ആരംഭം. പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി മിഷൻലീഗ് അംഗങ്ങൾ നോമ്പാചരണം നടത്തുക. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവും വിശ്വാസസത്യവുമായ ഉയിർപ്പിന്റെ മഹത്വത്തെ പ്രാപിക്കാൻ ത്യാഗത്തിന്റെ വഴിയിലൂടെ നോമ്പിന്റെ ചൈതന്യത്തിലേക്ക് നമുക്കു നീങ്ങാം.

**അനുബന്ധപ്രവർത്തനങ്ങൾ**

**പ്രാർത്ഥനാനിയോഗം**– പരീക്ഷയ്ക്കൊരുങ്ങുന്ന വിദ്യാർത്ഥികൾക്കുവേണ്ടി.

**സുകൃതജപം** – "ബോധജ്ഞാനത്തിന്റെ സിംഹാസനമേ എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ".

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.

# കെ. സി. വൈ. എം

**വാർഷിക സെനറ്റ് – 2012 ജനുവരി 13, 14**

ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന് എന്ന ആപ്തവാക്യത്തിലൂന്നി 2011 – 2012 പ്രവർത്തന വർഷത്തെ കെ.സി.വൈ.എം. പാലക്കാട് രൂപതയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി 2012 ജനുവരി 13, 14 തിയ്യതികളിൽ പാലക്കാട് രൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 13ന് വൈകുന്നേരം 6 മണിക്ക് രൂപത പ്രസിഡന്റ് ശ്രീ. പ്രിൻസ് കളമ്പുകാട്ടിൽ കെ.സി.വൈ.എം. പതാകയുയർത്തി സെനറ്റിന് ആരംഭംക്കുറിച്ചു. ബൈബിൾ പ്രതിഷ്ഠയോടു കൂടി ആരംഭിച്ച സമ്മേളനം മുൻ രൂപത പ്രസിഡന്റ് ശ്രീ. ഫ്രാൻസിസ് കടപ്പാറ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. അനീഷ് മേലെമുറിയിൽ സ്വാഗതമാശംസിച്ച സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ. പ്രിൻസ് കളമ്പുകാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര ആമുഖ പ്രഭാഷണവും രൂപത ആനിമേറ്റർ സി. കാതറിൻ ആശംസകളും രൂപതാ വൈസ് പ്രസിഡന്റ് കുമാരി അന്നു ചെറിയാൻ നന്ദിയും രേഖപ്പെടുത്തി. തുടർന്ന് നടന്ന ഫൊറോന റിപ്പോർട്ടിംങ് സെഷനിൽ ഫൊറോനകൾ തങ്ങളുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ സെക്രട്ടറിമാരായ ശ്രീ അനീഷ് മേലേമുറിയിൽ കുമാരി അനിറ്റ സക്കറിയ എന്നിവർ റിപ്പോർട്ടിംങ്ങ് സെഷൻ കൈകാര്യം ചെയ്തു.

രൂപതാ വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീ. ആന്റോ തേർമഠം സെനറ്റിൽ അവതരിപ്പിച്ചു. റിപ്പോർട്ടിനുമേൽ വിശദമായ ചർച്ചകൾക്ക് ശേഷം

സെനറ്റ് അംഗീകരിച്ചു. 2011 പ്രവർത്തനവർഷത്തെ വരവ് ചിലവ് കണക്കുകകൾ ഓഡിറ്റർ ജോമി ജോസഫ് പരിശോദ്ധിക്കുകയും വേണ്ട നിർദ്ദശങ്ങൾ നല്കുകയും ചെയ്തു. തുടർന്ന് ട്രഷറർ ശ്രീ. ക്ലിന്റോ പോൾ സെനറ്റിൽ കണക്ക് അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം കണക്ക് സെനറ്റിൽ പാസ്സാക്കി. തുടർന്ന് നടന്ന സംഘടനാ ചർച്ചയിൽ സംഘടയുടെ ഭാവി പ്രവർത്തനത്തെ കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് ഇലക്ഷൻ നടക്കുകയും നിയുക്ത ഭരണസമതിയെ മുൻ സാരഥികളായ ശ്രീ ഫ്രാൻസിസ് കടപ്പാറ, ശ്രീ സന്തോഷ് അറക്കൽ എന്നിവരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. അതിന് ശേഷം നിയുക്ത രൂപത പ്രസിഡന്റ് ശ്രീ. ക്ലിന്റോ അകുന്നത്ത് നയപ്രഖ്യാപനം നടത്തി നിയുക്ത ജനറൽ സെക്രട്ടറി ശ്രീ. ആന്റോ തേർമഠം നന്ദിയും രേഖപ്പെടുത്തി.

**നവസാരഥികൾ**

2012 പ്രവർത്തനവർഷത്തിൽ കത്തോലിക്കാ സഭയുടെ കരുത്തും കാവലുമായ കെ.സി.വൈ.എം യുവജനപ്രസ്ഥാനത്തിന് പാലക്കാട് രൂപതയിൽ നേതൃത്വം നൽകേണ്ട നേതൃനിരയെ സെനറ്റ് തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ക്ലിന്റോ അകുന്നത്ത് (പാലക്കാട്) |
| വൈസ് പ്രസിഡന്റുമാർ | : | അനീഷ് എം. ജോസഫ് (കാഞ്ഞിരപ്പുഴ) |
| | | അന്നു ചെറിയാൻ (കാഞ്ഞിരപ്പുഴ) |
| ജന. സെക്രട്ടറി | : | സംഗീത് മാർട്ടിൻ (മണ്ണാർക്കാട്) |
| സെക്രട്ടറി | : | ഷിജു കുരിയൻ (പൊന്നംകോട്) |
| | : | ഫ്രിൻസി ഫ്രാൻസി |
| | : | അനുമോൾ ജോസ് (പാടൂർ) |
| ട്രഷറർ | : | നിതിൻ അരിപ്പറമ്പിൽ (ജോസ്ഗിരി) |
| ഓഡിറ്റർമാർ | : | റെജി (വടക്കഞ്ചേരി), സനൽ (പാലക്കയം) |

സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും സെനറ്റ് സമ്മേളനത്തെ ധന്യമാക്കിയ ഫൊറോന, യൂണിറ്റ് ഡയറക്ടർമാർടക്കും ഭാരവാഹികൾക്കും മുൻകാല നേതാക്കൾക്കും നേതൃത്വം നൽകിയ 2011 പ്രവർത്തന വർഷത്തെ ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി.

**സംയുക്ത നിർവ്വാഹകസമിതി**

സെനറ്റിനുശേഷം മുൻ നിർവ്വാഹകസമിതിയംഗങ്ങളും പുതിയ നിർവ്വാഹകസമിതി അംഗങ്ങളും ഡയറക്ടർ അച്ചന്റെ അദ്ധ്യക്ഷതയിൽ ഒത്തുചേരുകയും സത്യപ്രതിജ്ഞ ഏറ്റുചൊല്ലി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

**അഭിവന്ദ്യ പിതാവുമൊത്ത്**

പുതിയ ഭരണസമിതിയംഗങ്ങൾ 27.01.2012ന് അഭിവന്ദ്യ പിതാവിനെ ബിഷപ്സ് ഹൗസിൽ സന്ദർശിച്ച് അനുഗ്രഹം വാങ്ങി പുതിയ കർമ്മപഥത്തിലേക്ക് പ്രവേശിച്ചു.

**ഓറിയന്റേഷൻ പ്രോഗ്രാം 26-27**

പുതിയ ഭാരവാഹികൾ എല്ലാവരും അകമലവാരം പള്ളിയിൽ ഒരുമിച്ചുചേർന്ന് പുതിയ വർഷത്തെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. ഫാ. ജോമോൻ പുത്തൻകളത്തിൽ, ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ടോം വടക്കേക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**നന്ദിയോടെ**

കഴിഞ്ഞ ഒരു വർഷക്കാലം സംഘടനയുടെ ഉയർച്ചക്കുവേണ്ടി കഴിവും ആശയവും സമയവും വിനിയോഗിച്ച രൂപതാ ഭാരവാഹികൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

**മികച്ച ഫൊറോന, യൂണിറ്റ്, യുവജനപ്രവർത്തകൻ**

കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് മണ്ണർക്കാട് മികച്ച ഫൊറോനയായും, വടക്കൻഞ്ചേരി യൂണിറ്റിനെ മികച്ച യൂണിറ്റായും, ശ്രീ. ക്ലിന്റോ പോൾ (ചന്ദ്രനഗർ) മികച്ച ഫൊറോന പ്രസിഡന്റായും തെരഞ്ഞെടുത്തു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## മാതൃസംഘം

**രൂപതാതല എക്സിക്യൂട്ടീവ് മീറ്റിംഗ്**

2012 അനുരഞ്ജന കൂദാശാവർഷമായി ആചരിക്കാൻ തീരുമാനമായി. പഠന വിഷയങ്ങളും വിവിധ പരിപാടികളും ആലോചിച്ച് തീരുമാനിച്ചു. 2012 ഫെബ്രുവരി 11ന് ഫൊറോനാതല ജനറൽബോഡി മീറ്റിംഗ് സമ്മേളിച്ച് കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനപരിപാടികൾ, രൂപതാതല എക്സിക്യൂട്ടീവ് രൂപം കൊടുത്ത കരട് പ്രവർത്തന മാർഗ്ഗരേഖ എന്നിവ ചർച്ചചെയ്യാൻ നിർദ്ദേശിച്ചു.

**അറിയിപ്പ്**

ഫെബ്രുവരി 16ലെ **രൂപതാതലത്തിൽ മാതൃസംഘം ഫൊറോന കോ-ഓർഡിനേറ്റേഴ്സിന്റെയും ഫൊറോന ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ്**, 2012 ഫെബ്രുവരി 18ലെ **രൂപതാ ജനറൽബോഡി മീറ്റിംഗ് കർമ്മ പദ്ധതി പ്രകാശനം** എന്നിവ മറ്റൊരു തിയ്യതിയിലേക്ക് മാറ്റിയിരിക്കുന്നു. മാറ്റിയ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



# നവീകരണ മുന്നേറ്റം

പാലക്കാട് സോണൽ കരിസ്മാറ്റിക് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ജനുവരി 20, 21 തിയ്യതികളിലായി പാലക്കാട് രൂപതാ പാസ്റ്ററൽ സെന്ററിൽവെച്ച് ZUME ലീഡേഴ്സ് ട്രെയ്നിംഗ് നടന്നു. 60 ഓളം ആളുകൾ സംബന്ധിച്ചു. സോണൽ ഡയറക്ടർ ഫാ. റെനി പുല്ലുകാലായിൽ, ബ്രദർ തോമസ് കുര്യൻ എന്നിവർ നേതൃത്വം നൽകി.

ഫെബ്രുവരി മാസത്തെ ZUME ലീഡേഴ്സ് ട്രെയ്നിംഗ് 17, 18 തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നതാണ്.

ഫെബ്രുവരി മാസത്തെ ജാഗരണ പ്രാർത്ഥന 24-ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ ശനിയാഴ്ച രാവിലെ 5 മണിവരെ പാലക്കാട് കത്തീഡ്രലിൽ വെച്ച് നടത്തപ്പെടുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം



# ക്രിസ്റ്റീൻ വാർത്തകൾ

ഏപ്രിൽ-മെയ് മാസങ്ങളിൽ വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക് കോളേജിൽവച്ച് ഹൈസ്ക്കൂൾ, +2 കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനങ്ങളും യുവജനധ്യാനവും നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 10ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ധ്യാനത്തിലും 150 പേർക്കാണ് സൗകര്യമുള്ളത്. രജിസ്ട്രേഷൻ ഫീസ് 350 രൂപ.

ധ്യാനത്തിൽ പങ്കെടുക്കുന്ന കുഞ്ഞുങ്ങൾ സമ്പൂർണ്ണ ബൈബിൾ, നോട്ട്ബുക്ക്, പേന, ജപമാല എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചന്മാർ മുഖേനയോ, നേരിട്ടോ, ഫോൺവഴിയോ പാലക്കാട് പാസ്റ്ററൽ സെന്ററിലെ മൂന്നാം നമ്പർ റൂമിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ് : 0491-2004097, ലിബു : 9567929861 (ഓഫീസ് പ്രവർത്തന സമയം : രാവിലെ 10 മുതൽ വൈകുന്നേരം 4 മണി വരെ)

**ധ്യാനങ്ങൾ**

| | | |
|---|---|---|
| ഏപ്രിൽ | 9–4 | യുവജനധ്യാനം |
| ഏപ്രിൽ | 21–25 | ക്രിസ്റ്റീൻ ധ്യാനം |
| ഏപ്രിൽ | 25–29 | ക്രിസ്റ്റീൻ ധ്യാനം |
| ഏപ്രിൽ 29 – മെയ് 3 | | ക്രിസ്റ്റീൻ ധ്യാനം |
| മെയ് | 3–7 | ക്രിസ്റ്റീൻ ധ്യാനം |
| മെയ് | 7–9 | ക്രിസ്റ്റീൻ ധ്യാനം |

എല്ലാ ധ്യാനങ്ങളും വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് സമാപന ദിവസം രാവിലെ 9.00 മണിക്ക് അവസാനിക്കുന്നതായിരിക്കും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, ക്രിസ്റ്റീൻ

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2012 ഫെബ്രുവരി : 7, 6, 8, 9 തിയ്യതികളിൽ**

**2012 മാർച്ച് : 5, 6, 7,8**

ഏപ്രിൽ മാസത്തെ പ്രീ-കാനാ കോഴ്സ് രണ്ടാമത്തെ തിങ്കളാഴ്ചയായിരിക്കും ആരംഭിക്കുന്നത്. (ഏപ്രിൽ 9, 10, 11, 12).

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

ഒലവക്കോട് ഫൊറോന കുടുംബസമ്മേളന ഭാരവാഹികളുടെ കൺവെൻഷൻ ജനുവരി 26–ാം തിയ്യതി സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. 170 ഭാരവാഹികൾ പങ്കെടുത്ത കൺവെൻഷനിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് സന്ദേശം നൽകി. ഫൊറോന വികാരി ഫാ. ജോസ് പൊട്ടേപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രസിഡന്റ് വി.കെ. ജോണി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ്ജ് തുരുത്തിപ്പള്ളി ആമുഖ സന്ദേശം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. കെ. പി. ലോറൻസ്, സെക്രട്ടറി സിസിൽ അബ്രഹാം, വൈസ് പ്രസിഡന്റ് അഡ്വ .മിനി ഫ്രാൻസിസ്,

ട്രഷറർ ബാബു എം. മാത്യു, ഫൊറോന ഭാരവാഹികളായ ശ്രീ. വർഗ്ഗീസ് കവിലായിൽ, അലക്സ് തോമസ്, തോമസ് വർഗ്ഗീസ്, കെ. ബെന്നി എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കൺവെൻഷനിൽ ശ്രീ. ദേവസ്യ ക്ലാസ്സെടുത്തു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഫെബ്രുവരി | 5-10 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഫെബ്രുവരി | 12-17 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രുവരി | 19-24 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ഫെബ്രുവരി 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ്**

21.2.12 ന് ചൊവ്വാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പിയിൽ വച്ചു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.2.12 | ബുധൻ | മണ്ണാർക്കാട് | പുതുക്കാട്ട് | 11am |
| 9.2.12 | വ്യാഴം | ശ്രീകൃഷ്ണപുരം | കാളിക്കുന്ന് | 11.am |
| 10.2.12 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.pm |
| 13.2.12 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.am |
| 15.2.12 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.am |
| 23.2.12 | വ്യാഴം | ആലത്തൂർ | എഫ്.സി.സി | 11am |
| 27.2.12 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11am |

**റീജിയണൽ ഓഫീസ്**

| | | | |
|---|---|---|---|
| 27.2.12 | തിങ്കൾ | നെന്മാറ പാരിഷ്ഹാൾ | 11.am to 2pm |
| 22.2.12 | ബുധൻ | കരിമ്പ പാരിഷ്ഹാൾ | 11am to 2pm |
| 21.2.12 | ചൊവ്വ | സാൻജോ ടവ്വർ | 11am to 2pm |
| 23.2.12 | വ്യാഴം | എഫ്.സി.സി. വടക്കഞ്ചേരി | 11am to 1pm |

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

സോപ്പ്, സോപ്പുല്പന്നങ്ങൾ തുടങ്ങി 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയിൽ താഴെപറയുന്ന തിയതികളിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു.

(കടമ്പൂർ, പാരിഷ് ഹാൾ– ഫെബ്രുവരി 24,25 വെള്ളി ശനി ദിവസങ്ങളിൽ)

**കാർഷിക വായ്പാ വിതരണ മേള**

കാത്തലിക് സിറിയൻ ബാങ്കിന്റെ ഒലവക്കോട് ബ്രാഞ്ചിൽ നിന്നും പി.എസ്.എസ്.പി യുടെ 116 അയൽക്കൂട്ടങ്ങൾക്ക് കാർഷിക ആവശ്യങ്ങൾക്കായി 65 വർഷം രൂപ വായ്പയായി 2012 2,34 തിയതികളിൽ നടക്കുന്ന “പൊലിമ”

ഫെസ്റ്റിവലിൽ വച്ച് വിതരണം ചെയ്യുന്നു.

**ലീഡേഴ്സ് ട്രെയിനിംഗ്**

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 വനിതാ ലീഡേഴ്സിനു വേണ്ടി 22.2.12 ന് ബുധനാഴ്ച കാലത്ത് 10 മണിമുതൽ 4 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു ഏക ദിന ലീഡേഴ്സ് ട്രെയിനിംഗ് നടത്തുന്നു.

**വനിതാദിനാഘോഷം**

2012 മാർച്ച 8 വ്യാഴാഴ്ച ലോകവനിതാദിനാഘോഷം പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു

**പൊലിമ കാർഷികോത്സവം 2012**

2007 ആഗസ്റ്റ് 27, 28, 29 തിയ്യതികളിൽ പി.എസ്.എസ്.പി.യുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ സെന്ററിൽവച്ച് 'സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്' എന്ന വിഷയത്തെ ആസ്പദമാക്കി കേരളത്തിലാദ്യമായി നടത്തിയ സെമിനാർ പിന്നീട് പല ജില്ലകളിലും വ്യാപിച്ചു. ഇന്ന് ധാരാളം കർഷകർ ചെലവ് കുറഞ്ഞതും വിഷരഹിതവുമായ കൃഷിരീതി അനുവർത്തിച്ചുപോരുന്നു. പാലക്കാട് ജില്ലയിൽ മാത്രം ഏകദേശം 450 കർഷകർ പ്രകൃതികൃഷി ലാഭകരമായി ചെയ്തുവരുന്നു.

പ്രകൃതി കൃഷിയുടെ മഹനീയതയും കൃഷിരീതിയിലുള്ള ലളിത്യവും എടുത്ത്കാണിച്ചുകൊണ്ട് പി.എസ്.എസ്.പി.യുടെ ആഭിമുഖ്യത്തിൽ സർക്കാർ -സർക്കാരിതര കാർഷിക ഏജൻസികളെ സംഘടിപ്പിച്ചുകൊണ്ട് 'പൊലിമ - കാർഷികോത്സവം 2012' എന്ന പേരിൽ പാലക്കാട് മുനിസിപ്പൽ ടൗൺഹാളിൽവെച്ച് ഫെബ്രുവരി 2, 3, 4 തിയ്യതികളിൽ ഒരു കാർഷികോത്സവം സംഘടിപ്പിക്കുന്നു.

**മാലിന്യ സംസ്ക്കരണം ഇനി വൻ ലാഭകരം**

**''മാലിന്യം-ഊർജ്ജം-വളം-പ്രകൃതി സംരക്ഷണം'' 60% സംബ്സിഡിയിൽ!** നമ്മുടെ നാട് ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ വെല്ലുവിളിയായി മാലിന്യസംസ്ക്കരണം തീർന്നിരിക്കുകയാണല്ലോ. അതിനെ നേരിടുവാൻ പി.എസ്.എസ്.പി. അനർട്ടുമായി സഹകരിച്ചുകൊണ്ട് 60% സബ്സിഡിയോടുകൂടി (Rs 12,000) Syntex Floating Biogas Plantകൾ സ്ഥാപിക്കുന്നു. ആവശ്യാനുസരണം മാറ്റിസ്ഥാപിക്കാവുന്നതും, ചെലവു കുറഞ്ഞതുമാണ് എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. വീട്ടിലുണ്ടാകുന്ന എല്ലാ അഴുകുന്ന മാലിന്യങ്ങളും, പ്രത്യേകവിധം സജ്ജീകരി

ച്ചിരിക്കുന്ന 1 ക്യുബിക് മീറ്റർ വിസ്താരമുള്ള ഈ ടാങ്കിൽ നിക്ഷേപിച്ചാൽ പ്രതിദിനം 4 മണിക്കൂർവരെ പാചകവാതകം ലഭിക്കുന്നു. ദ്രാവകരൂപത്തിൽ ബഹിർഗമിക്കുന്ന മിശ്രിതം ഒന്നാംതരം ജൈവവളമാണ്. പ്രകൃതിക്ക് യാതൊരു കോട്ടവും സംഭവിക്കുന്നില്ല.

കർഷകരെയും കർഷക ഭവനങ്ങളെയും പ്രധാനമായി ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഈ പരിപാടികൾ എല്ലാവരും പരമാവധി പ്രയോജനപ്പെടുത്തുകയും സ്വന്തമായി പച്ചക്കറി കൃഷി നടത്തുകയും അത് ഭവനങ്ങളിൽ ഭക്ഷണവിഭവങ്ങളാക്കുകയും ചെയ്യുന്ന ഒരു പുതിയ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വിവരങ്ങൾ പള്ളികളിലും സ്ഥാപനങ്ങളിലും അറിയിക്കുകയും പരമാവധി പേർക്ക്ഗ പ്രയോജനപ്പെടുത്തുകയും ചെയ്യുമല്ലോ.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



## From the Bishop's Diary

**2012 ജനുവരി**

1 – മുണ്ടൂർ സീനായ് ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

2 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

3 – മൈലംപുള്ളി ഹോളിഫാമിലി നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

4 – മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

5 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 – കൈതച്ചിറ ക്രിസ്തുജ്യോതി ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

– പെരിമ്പടാരി ഹോളിസ്പിരിറ്റ് ഫൊറോന ദൈവാലയത്തിൽ ഡൊമിനിക്കൻ സന്യാസിനി സമൂഹത്തിലെ സി. ഷരൺ, സി. ജോമരിയ, സി.

ജോസ്ന, സി. സൗമ്യ, സി. സിസിയ എന്നിവരുടെ പ്രഥമവ്രതവാഗ്ദാനശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

8 - കടപ്പാറ സെന്റ് മേരീസ് ഇടവകയിൽ പാസ്റ്ററൽ വിസീത്താ നടത്തി.

- പൊൻകണ്ടം സെന്റ് ജോസഫ് ദൈവാലയവും വള്ളിയോട് സെന്റ് മേരീസ് പൊളിടെക്നിക്ക് കോളേജും സന്ദർശിച്ചു.

9-13 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ-മലബാർ സിനഡിൽ സംബന്ധിച്ചു.

13 - തൃശ്ശൂർ ലൂർദ്ദ്മാതാ ദൈവാലയത്തിൽ അതിരൂപത ശതോത്തര രജതജൂബിലിയുടെ ആഘോഷത്തോടനുബന്ധിച്ച സമൂഹബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

14 - വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു.

15 - കടമ്പഴിപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

- കുളക്കാട്ടുകുർശ്ശി സെന്റ് ജെയിംസ് ദൈവാലയം സന്ദർശിച്ചു.

- മൈലംപുള്ളി ഇടവകാംഗം ജോസ് പുളിക്കത്താഴയുടെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

16 - അരമനയിൽ യുവക്ഷേത്രയുടെ ട്രസ്റ്റ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17-18 മുണ്ടൂർ യുവക്ഷേത്രയിൽ സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പവർ കോൺഫറൻസിൽ സംബന്ധിച്ചു. വൈദികർക്ക് സന്ദേശം നൽകി.

19 - വടക്കഞ്ചേരി ചെറുപുഷ്പം സ്കൂൾ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു.

- പാലക്കാട് എഫ്.സി.സി. പ്രൊവിൻസിലെ സി. മേരി കൊളേത്തയുടെ മൃതദേഹ സംസ്ക്കാരശുശ്രൂഷകൾക്ക് പൊൽപുള്ളിയിൽ കാർമ്മികത്വം വഹിച്ചു.

20 - കുറുപ്പുംതറയിൽ പാലാ രൂപതാംഗം ഫാ. തോമസ് പള്ളിപ്പുറത്തുകുന്നേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് സഹകാർമ്മികത്വം വഹിച്ചു.

21 - മുണ്ടൂർ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് മാർക്ക് സന്യാസിനി സമൂഹത്തിലെ സിസ്റ്റർ സിൽവിയുടെയും സി. ബെർക്കുമെൻസിന്റെയും സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- ഷൊർണ്ണൂർ സെന്റ് ആഗ്നസ് ദൈവാലയത്തിലെ ഇടവകദിനാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പുതിയ അൾത്താര വെഞ്ചരിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 - ചീനിക്കപ്പാറ സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കപ്പെട്ട പാരിഷ്ഹാൾ വെഞ്ചരിച്ചു.

- വട്ടപ്പാറ സെന്റ് ബെർണദീത്ത ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

23 - എറണാകുളം -അങ്കമാലി അതിരൂപതാംഗം ഫാ. ജേക്കബ് പുത്തൻവെളിയിലിന്റെ ആത്മശാന്തിക്കുവേണ്ടി തൃക്കാക്കര ബിജോ ഭവനിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

24-25 മുണ്ടൂർ യുവക്ഷേത്രയിൽ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 - പാസ്റ്ററൽ സെന്ററിൽ ലോഗോസ് അവാർഡ്ദാന പരിപാടിയിൽ സംബന്ധിച്ച മതബോധന പ്രധാനാധ്യാപകർക്കും സെക്രട്ടറിമാർക്കും അവാർഡ് ജേതാക്കൾക്കും സന്ദേശം നൽകി. സമ്മാനങ്ങൾ വിതരണം ചെയ്തു.

- ഒലവക്കോട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഫൊറോനാതല കുടുംബക്കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

- ഇരിഞ്ഞാലക്കുട കല്ലംകുന്ന് ഇടവകയിൽ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചന്റെ പിതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

- അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.